**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5457** **15-03-2023 - ൽ മറുപടിയ്ക്ക്**

**ടോറസ് മാതൃകയിലുള്ള വാഹനങ്ങൾക്ക് നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ടോറസ് മാതൃകയിലുള്ള വാഹനങ്ങൾ റോഡ് ഗതാഗതത്തിന് എന്തെങ്കിലും തരത്തിലുള്ള അപകടങ്ങൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ടോറസ് പോലുള്ള ഹെവി വാഹനങ്ങൾ റോഡിന്റെ വലത് വശം ചേർന്ന് സഞ്ചരിക്കുന്നത് മറ്റ് വാഹനങ്ങൾക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരം വാഹനങ്ങൾ ഭാരം കയറ്റി പോകുന്ന സമയത്ത് ബാലൻസ് ലഭിക്കാൻ വേണ്ടി റോഡിന് നടുവിലൂടെ സഞ്ചരിക്കുന്നതിനാൽ മറ്റ് വാഹനങ്ങൾക്ക് അപകടം സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ടോറസ് പോലുള്ള ഹെവി വാഹനങ്ങൾ റോഡിന്റെ വലത് വശം ചേർന്ന് സഞ്ചരിക്കുന്നത് മറ്റ് വാഹനങ്ങൾക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി എന്തെങ്കിലും സമയക്രമം ഇത്തരം വണ്ടികൾക്ക് കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ? | (സി) | നിലവിൽ ഹെവി വാഹനങ്ങൾക്ക് സമയക്രമം നിശ്ചയിച്ചിട്ടില്ല. എന്നാൽ ലെയിൻ ട്രാഫിക് സംവിധാനം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടപ്പിലാക്കി വരുന്നുണ്ട്. ടി സംവിധാനം നടപ്പിലാക്കിയതിലൂടെ ടോറസ് പോലെയുള്ള ഹെവി വാഹനങ്ങൾ റോഡിനു നടുവിലൂടെ സഞ്ചരിക്കുന്നത് തടയുവാനും മറ്റ് വാഹന യാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാനും സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ